| | |
|---|---|
| Date | 25/1/22 |
| M.D. | |
| CE (HRD&GI) | |
| | |
| | |

**രജിസ്റ്റേർഡ്/എ.ഡി**

IR(5)/2162/2020

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 695 033
e-mail : isectionlcoffice@gmail.com
തീയതി : 21/01/2022

രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് &
ലേബർകമ്മീഷണർ

മാനേജിംഗ് ഡയറക്ടർ
കേരളാ വാട്ടർ അതോറിറ്റി
ജലഭവൻ, വെള്ളയമ്പലം
തിരുവനന്തപുരം - 33

സർ,

വിഷയം: കേരള റെകക്ഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് ആക്ട് - 2010, കേരളാ റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് റൂൾസ്-2011, കേരളാ വാട്ടർ അതോറിറ്റിയിൽ - രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നത് - ഹിതപരിശോധന നടത്തുന്നത് - സംബന്ധിച്ച്.

CE (HRD cu)

സൂചന:
1. 06/02/2020 കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ (ഐ.എൻ.ടി.യു.സി) ജനറൽ സെക്രട്ടറി സമർപ്പിച്ച ഫോറം എ -യിലെ അപേക്ഷ
2. 16/11/2020 തീയതിയായി ഈ ഓഫീസിൽ നിന്ന് നൽകിയ ഫോറം ബി നോട്ടീസ്
3. 24/11/2020 തീയതിയായി കേരളാ വാട്ടർ അതോറിറ്റി മാനേജ്മെന്റ് നൽകിയ അംഗീകൃത യൂണിയനുകളുടെ പട്ടിക.
4. ഈ കാര്യാലയത്തിലെ 02/01/2021 തീയതിയിലെ ഇതേ നമ്പർ 6 (5) പ്രകാരമുള്ള നോട്ടീസ്
5. ഈ കാര്യാലയത്തിൽ നിന്നും 16/10/2021 തീയതിയിൽ നൽകിയ ഇതേ നമ്പർ ഫോറം ബി നോട്ടീസ്.
6. 20/10/2021 തീയതിയിൽ ഈ ഓഫീസിൽ നടന്ന ഹിയറിംഗ്.
7. 18/12/2021 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം.
8. 02/01/2022 തീയയതിയിൽ കേരള വാട്ടർ അതോറിറ്റി എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച പരാതി.
9. 10/01/2022 തീയതിയിൽ ഈ കാര്യാലയത്തിൽ നടന്ന ഹിയറിംഗ്.
10. 13/01/2022 തീയതിയിൽ കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റ് സമർപ്പിച്ച പുതുക്കിയ ട്രേഡ് യൂണിയനുകളുടെ പട്ടിക.

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹിതപരിശോധന നടത്തുന്നതിലേയ്ക്കായി സൂചന (1) പ്രകാരം ഈ ഓഫീസിൽ അപേക്ഷ ലഭിച്ചിരുന്നു. തുടർ നടപടികളുടെ ഭാഗമായി റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് 2011-ലെ റൂൾ (6) പ്രകാരം 25/11/2020 തീയതിയിൽ ഹിയറിംഗിന് ഹാജരാകുവാൻ മാനേജ്മെന്റിനും ഫോറം എ -യിൽ അപേക്ഷ സമർപ്പിച്ച യൂണിയനും സൂചന (2) പ്രകാരം നോട്ടീസ് നൽകുകയും അതനുസരിച്ച് ഇരുകക്ഷികളും ഹിയറിംഗിന് ഹാജരാകുകയും ചെയ്തു. ടി സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ പട്ടിക സൂചന (3) പ്രകാരം മാനേജ്മെന്റ് നൽകുകയും, ആയത് പ്രകാരം അതിലെ യൂണിയനുകളിൽ ജല അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഓർഗനൈസേഷൻ (രജി. നം. 01-57/97) എന്ന സംഘടന ഒഴികെ ബാക്കി എല്ലാ യൂണിയനുകളും ഫോറം എ -യിൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. സൂചന (4) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് 6(5) നോട്ടീസ് മാനേജ്മെന്റിനും മേപ്പടി യൂണിയനും നൽകി. തുടർന്ന് സൂചന (5) പ്രകാരം ഫോറം എ -യിൽ അപേക്ഷ സമർപ്പിച്ച യൂണിയനുകൾക്ക് നോട്ടീസ് നൽകി സൂചന (6) പ്രകാരം ടി യൂണിയനുകളുടെ ഹിയറിംഗ് നടത്തുകയും രേഖകൾ കണ്ട് ബോധ്യപ്പെടുകയും സൂചന (7) പ്രകാരം റിട്ടേണിംഗ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള നടപടിക്രമം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതിനുശേഷം സൂചന (8) പ്രകാരം കേരള വാട്ടർ അതോറിറ്റി എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സൂചന (9) പ്രകാരം ടി യൂണിയനെയും മാനേജ്മെന്റിനെയും ഹിയറിംഗിന് വിളിപ്പിക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിന്റെ തുടർച്ചയായി സൂചന (10) പ്രകാരം മാനേജ്മെന്റ് സമർപ്പിച്ച പുതുക്കിയ രജിസ്റ്റേർഡ് യൂണിയനുകളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് റൂൾസ് 2011-ലെ റൂൾ 6 (6) പ്രകാരം തയ്യാറാക്കിയ നോട്ടീസിന്റെ രണ്ട് പ്രതികൾ ഇതോടൊപ്പം അയയ്ക്കുന്നു. ടി നോട്ടീസ് താങ്കളുടെ സ്ഥാപനത്തിലെ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും അപ്രകാരം പ്രദർശിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തി പകർപ്പ് രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസിന് 03 ദിവസത്തിനകം തിരികെ അയച്ചുതരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് &
ലേബർ കമ്മീഷണർ

SaR/18122

# നോട്ടീസ്

വിഷയം: കേരള റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻസ് ആക്ട്- 2010, കേരളാ റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻസ് റൂൾസ്-2011, കേരളാ വാട്ടർ അതോറിറ്റിയിൽ - രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നത് - ഹിതപരിശോധന നടത്തുന്നത് - സംബന്ധിച്ച്.

2010-ലെ റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻ നിയമപ്രകാരം കേരളാ വാട്ടർ അതോറിറ്റിയിൽ പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ട്രോഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഹിതപരിശോധന നടത്തുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ (ഐ.എൻ.ടി.യു.സി) ഈ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. തുടർ നടപടികളുടെ ഭാഗമായി റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻസ് 2011-ലെ റൂൾ (6) പ്രകാരം 25/11/2020 തീയതിയിൽ ഹിയറിംഗിന് ഹാജരാകുവാൻ മാനേജ്മെന്റിനും ഫോറം എ -യിൽ അപേക്ഷ സമർപ്പിച്ച യൂണിയനും 16/11/2020 -ന് ഫോറം 'ബി' നോട്ടീസ് നൽകുകയും അതനുസരിച്ച് ഇരുകക്ഷികളും ഹിയറിംഗിന് ഹാജരാകുകയും ചെയ്തു. ടി സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ പട്ടിക മാനേജ്മെന്റ് നൽകുകയും, ആയത് പ്രകാരം അതിലെ യൂണിയനുകളിൽ ജല അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഓർഗനൈസേഷൻ (രജി. നം. 01-57/97) എന്ന സംഘടന ഒഴികെ മറ്റ് സംഘടനകളായ ഓൾ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ(എ.ഐ.റ്റി.യു.സി), കേരള വാട്ടർ അതോറിറ്റി വർക്ക്സ്, കേരള വാട്ടർ അതോറിറ്റി വർക്ക്സ് എംപ്ലോയീസ് യൂണിയൻ (യു.റ്റി.യു.സി) കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ(സി.ഐ.റ്റി.യു), കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് കോൺഫഡറേഷൻ എന്നീ യൂണിയനുകൾ ഫോറം എ-യിൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് 2011 ലെ റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻ ചട്ടം 6 (5) പ്രകാരമുള്ള നോട്ടീസ് ഈ കാര്യാലയത്തിൽ നിന്ന് മാനേജ്മെന്റിനും മേപ്പടി യൂണിയനുകൾക്കും നൽകി. തുടർന്ന് ഫോറം എ -യിൽ അപേക്ഷ സമർപ്പിച്ച യൂണിയനുകൾക്ക് 16/10/2021 -ന് 'ഫോറം ബി' നോട്ടീസ് നൽകുകയും മേപ്പടി യൂണിയനുകളെ ഹിയറിംഗ് നടത്തുകയുമുണ്ടായി. രേഖകൾ എല്ലാം കണ്ട് ബോധ്യപ്പെടുകയും തുടർന്ന് 18.12.2021-ൽ റിട്ടേണിംഗ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള നടപടിക്രമം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കേരള വാട്ടർ അതോറിറ്റി എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടന തങ്ങളെക്കൂടി റഫറണ്ടത്തിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ യൂണിയനെയും മാനേജ്മെന്റിനെയും 10.01.2022 - ന് ഹിയറിംഗിന് ഹാജരാകാൻ നിർദ്ദേശിച്ചു. ടി ഹിയറിംഗിൽ കേരള വാട്ടർ അതോറിറ്റിയിലെ രജിസ്റ്റേഡ് യൂണിയനുകളുടെ പുതുക്കിയ ലിസ്റ്റ് ഹാജരാക്കാമെന്ന് അറിയിക്കുകയും ആയതിൻപ്രകാരം ചുവടെചേർക്കും പ്രകാരമുള്ള ലിസ്റ്റ് ഹാജരാക്കുകയും ചെയ്തു.

## തെരഞ്ഞെടുക്കപ്പെട്ട അംഗീകൃത ട്രേഡ് യൂണിയനുകൾ

1 കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു)
Reg.No.180/84, General Secretary, KWA Employees Union (CITU) Tc.25/146(54) Gandari Nagar, Thiruvananthapuram - 695001.

3 കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ (ഐ.എൻ.ടി.യു.സി)
Reg.No.373/85, General Secretary, KWA Staff Association (INTUC), Thiruvananthapuram - 695001

## രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംഘടനകൾ

1 കേരള വാട്ടർ വർക്സ് എംപ്ലോയീസ് യൂണിയൻ (യു.ടി.യു.സി)
Reg.No.236-1969, General Secretary, RSP State Committee Office, P.B.No.1019, Thiruvananthapuram - 695001.

2 ഓൾ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ(എ.ഐ.ടി.യു.സി)
Reg.No.218/78, General Secretary, T.V Smarakam, S.S. Kovil Road, Thampanoor

3 അസോസിയേഷൻ ഓഫ് പബ്ലിക് ഹെൽത്ത് എഞ്ചിനീയർ കേരള
Southern Region Kerala Water Authority, TVPM

4 അസിസ്റ്റന്റ് എഞ്ചിനീയേഴ്സ് അസോസിയേഷൻ
WW W Campus, Thiruvananthapuram

5 അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ്
Reg.No.TVM/TC/744/2012, T.C.25/146(54), Gandari Nagar, Thiruvananthapuram

6 എഞ്ചിനിയേഴ്സ് ഫെഡറേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി
Head Office, Kerala Water Authority, Thiruvananthapuram

7 കേരള വാട്ടർ അതോറിറ്റി ഡ്രൈവേഴ്സ് അസോസിയേഷൻ
State Committee Office, JalaBhavan Campus, Thiruvananthapuram

8 എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ കേരള വാട്ടർ അതോറിറ്റി
Old Thevara Road , Kochi-16

9 ജല അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് ഓർഗനൈസേഷൻ (കെടിയുസിഎം)
Divisional Accounts Officer, Project Division, Kollam

10 കേരള വാട്ടർ അതോറിറ്റി സർവ്വേയേഴ്സ് അസോസിയേഷൻ
PPD Office, KWA, Thiruvananthapuram

11 കേരള വാട്ടർ അതോറിറ്റി ക്ലാസ്സ് IV എംപ്ലോയീസ് ഫെഡറേഷൻ
WWW East Sub Division PP Thiruvananthapuram

12 കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ
WWW Section KWA, Palayam

13 കേരള വാട്ടർ അതോറിറ്റി പ്ലമ്പിംഗ് ഇൻസ്പെക്ടേഴ്സ് & പ്ലമ്പേഴ്സ് അസോസിയേഷൻ

14 കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ
T.C6/757(4) Arappura, Ambalakkav

15 കേരള വാട്ടർ അതോറിറ്റി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ
AKWAOA W S Sub Division, Nedumangad

16 അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഫിറ്റേർസ് & ഹെഡ് ഫിറ്റേർസ്

മേൽ ലിസ്റ്റിൽ യൂണിയന്റെ പൂർണ്ണമായ മേൽവിലാസം നൽകിയിട്ടില്ല. എന്നാൽ ഈ ഓഫീസിൽ നടത്തിയ ഹിയറിംഗുകളിൽ പങ്കെടുത്തിട്ടില്ലാത്തതായ മറ്റേതെങ്കിലും യൂണിയനുകൾക്ക് ഈ റഫറണ്ടത്തിൽ പങ്കെടുക്കുന്നതിന് താൽപര്യമുള്ളപക്ഷം ഈ നോട്ടീസ് കണ്ട് ബോധ്യപ്പെട്ട് 7 ദിവസത്തിനകം നിർദ്ദിഷ്ട 'ഫോം എ' യിൽ ടി യൂണിയന്റെ ജനറൽ സെക്രട്ടറി/പ്രസിഡന്റ് (1000/- രൂപ ട്രഷറിയിൽ "00230-00-800-84-01" എന്ന ശീർഷകത്തിൽ ഒടുക്കി ആയതിന്റെ അസ്സൽ ചെലാൻ സഹിതം) രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഈ നോട്ടീസ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് ട്രേഡ് യൂണിയനുകളിൽ നിന്നും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ "ഫോം എ' യിൽ അപേക്ഷകളൊന്നും ലഭിക്കുന്നില്ലായെങ്കിൽ 2011 - ലെ കേരള റെക്കഗ്നേഷൻ ഓഫ് ട്രേഡ് യൂണിയൻ ചട്ടം 6(6) പ്രകാരം റഫറണ്ടം നടപടികളുമായി മുന്നോട്ടുപോകുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളെ ഇതിനാൽ അറിയിക്കുന്നു.

രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് &
ലേബർ കമ്മീഷണർ

ബിആർ